പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3848

21.06.2018 ൽ
മറുപടിയ്ക്ക്

ഗ്രീൻ യൂത്ത് എന്ന പേരിൽ സന്നദ്ധ പ്രവർത്തകർ

ചോദ്യം

ശ്രീ.റോജി എം. ജോൺ

മറുപടി

എ.സി. മൊയ്തീൻ
(ബഹു.വ്യവസായവും, സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന യുവജന കമ്മീഷൻ ഗ്രീൻയൂത്ത് എന്ന പേരിൽ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് യുവജനങ്ങളെ തെരഞ്ഞെടുക്കുന്നത് എന്ന് വ്യക്തമാക്കാമോ ; | (ബി) | യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം,മയക്കുമരുന്നു എന്നിവയുടെ ഉപയോഗം റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവ തടയുന്നതിനും റോഡു സുരക്ഷ സംബന്ധിച്ച ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായും, പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ, കൃഷിയുമായി ബന്ധപ്പെട്ട തൊഴിലിനെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിനായും യുവജനങ്ങളെ തെരഞ്ഞെടുക്കുന്നുണ്ട്. |
| (സി) | ഈ സന്നദ്ധ പ്രവർത്തകർക്ക് എന്തൊക്കെ പരിശീലനമാണ് നൽകുന്നത്. ഇവർക്ക് അനുവദിക്കുന്ന ഓണറേറിയത്തിന്റെ വിശദാംശം നൽകുമോ? | (സി) | 'ഗ്രീൻ യൂത്ത്' സന്നദ്ധ പ്രവർത്തകർക്ക് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പരിശീലനമാണ് നൽകുന്നത്. പ്രതിമാസം 5,000/- രൂപയാണ് സന്നദ്ധ പ്രവർത്തകർക്ക് അനുവദിക്കുന്ന ഓണറേറിയം. |

സെക്ഷൻ ഓഫീസർ